ഉത്തരം

(എ) ഫിഷ്മെയ്ഡ് എന്ന ബ്രാന്റിൽ 100 ഫിഷ് കിയോസ്കുകൾ സ്ഥാപിക്കുവാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ഫിഷ് മെയ്ഡ് എന്ന ബ്രാൻഡിൽ കൊച്ചിയിൽ ഒരു ഔട്ട്ലെറ്റ് ആരംഭിച്ചു. കൂടുതൽ ഔട്ട്ലെറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചുവരുന്നു. ഇത് സ്ഥാപിക്കുന്നതിനായി സ്വകാര്യ ഏജൻസിയെ നിയോഗിച്ചിട്ടില്ല. ഫ്രാഞ്ചൈസി കൺസൾട്ടന്റ്, മാർക്കറ്റിംഗ് കൺസൾട്ടന്റ്, ഫോസ്പിറ്റാലിറ്റി കൺസൾട്ടന്റ് എന്നിവരെ എംപാനൽ ചെയ്തിട്ടുണ്ട്.

(സി) മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങൾ കൊല്ലത്ത് ശക്തികുളങ്ങരയിൽ സ്ഥിതി ചെയ്യുന്ന സെൻട്രലൈസ്ഡ് പ്രൊഡക്ഷൻ യൂണിറ്റായ് നളപാകത്താണ് ഉൽപ്പാദിപ്പിച്ച് വിപണനം ആരംഭിച്ചിട്ടുള്ളത്. നാളിതുവരെ 24.87 ലക്ഷം രൂപയുടെ വിൽപന നടത്തിയിട്ടുണ്ട്.

(ഡി) ഫിഷ്മെയ്ഡ് എന്ന ബ്രാന്റിൽ ഫിഷ് കിയോസ്കുകൾ സ്ഥാപിക്കുന്നതിനായി കേന്ദ്ര സർക്കാരിൽനിന്നും ഒരു കോടി രൂപ ലഭിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിൽനിന്നും അനുവദിച്ച ഒരു കിയോസ്കിന് 3.5 ലക്ഷം രൂപ അപര്യാപ്തമായതിനാൽ സംസ്ഥാന സർക്കാരിൽനിന്നും പുതിയതായി നൽകിയ ഭരണാനുമതി പ്രകാരമാണ് ആദ്യ ഔട്ട്ലെറ്റ് കൊച്ചിയിൽ സ്ഥാപിച്ചത്.

തണൽ പദ്ധതി

100 (4435) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എം. എ. വാഹിദ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തണൽ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതിക്കായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പരമ്പരാഗത മത്സ്യമേഖലയിലെ തൊഴിലാളികൾക്കുള്ള സാമ്പത്തിക താങ്ങൽ പദ്ധതിയായ തണൽ പദ്ധതിക്ക് 2012-ൽ തുടക്കം കുറിച്ചിട്ടുണ്ട്.

(ബി) കേരളത്തിലെ പരമ്പരാഗത തൊഴിലാളികൾക്കായി നടപ്പിലാക്കുന്ന സാമ്പത്തിക സഹായ പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികളുടെയും മത്സ്യമേഖലയിലെ അനുബന്ധ തൊഴിലാളികളുടെയും വരുമാനം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടു കൂടിയാണ് 'തണൽ' എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്.

(സി) സംസ്ഥാന സർക്കാർ കേരളത്തിലെ പരമ്പരാഗത തൊഴിലാളികൾക്കായി നടപ്പിലാക്കുന്ന സാമ്പത്തിക സഹായ പദ്ധതി (തണൽ പദ്ധതി) ഫിഷറീസ് വകുപ്പും തൊഴിൽ വകുപ്പും സംയുക്ത സംരംഭമായി മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേനയാണ് നടപ്പിലാക്കുന്നത്.

(ഡി) തണൽ പദ്ധതിയുടെ ആനുകൂല്യം പ്രതിവർഷം 1,350 രൂപ നിരക്കിൽ ഒറ്റത്തവണയായാണ് ഗുണഭോക്താക്കൾക്ക് നൽകുന്നത്. 2011-12-ൽ പ്രസ്തുത പദ്ധതിക്കായി 1.70 കോടി രൂപയും 2012-13-ൽ 30 കോടി രൂപയും 2013-14-ൽ 30 കോടി രൂപയും 2014-15-ൽ 19.88 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ടി തുകകൾ മത്സ്യ/അനുബന്ധ തൊഴിലാളികൾക്ക് ബാങ്ക് മുഖേന വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തെ ഫണ്ട് അനുവദിക്കുന്നതിനായി പ്രൊപ്പോസൽ തൊഴിൽ വകുപ്പിന് നൽകിയിട്ടുണ്ട്.

മത്സ്യസമൃദ്ധി പദ്ധതി

101 (4436) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിച്ച മത്സ്യസമൃദ്ധി പദ്ധതിയുടെ ആദിവാസി മേഖലകളിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഏതെല്ലാം ജില്ലകളിലാണ് പദ്ധതി നടന്നുവരുന്നത് ; ആദിവാസി വിഭാഗമുള്ള എല്ലാ ജില്ലകളിലേക്കും പദ്ധതി വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) മത്സ്യസമൃദ്ധി പദ്ധതി പ്രസ്തുത പ്രദേശത്തെ ആദിവാസി സമൂഹത്തിന്റെ വരുമാന വർദ്ധനവിന് സഹായിച്ചിട്ടുണ്ടോ ; വിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.